പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.405 04.02.2020-ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ. എം. സി. കമറുദ്ദീൻ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | ഡോ. ടി.എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നതെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | രാജ്യത്ത് നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യവും കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങൾ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഗുരുതര പ്രത്യാഘാതങ്ങളും കേന്ദ്രം സംസ്ഥാനത്തിനോട് പുലർത്തുന്ന നിസ്സഹകരണ മനോഭാവവും ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയതും ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നതും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കുന്നത് വഴി സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്ന വിലയിരുത്തൽ തെറ്റായിരുന്നുവെന്ന നിഗമനത്തിൽ ഇപ്പോൾ എത്തിച്ചേർന്നിട്ടുണ്ടോ; | ജി.എസ്.ടി. എന്നത് Destination Based Tax ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് ഗുണകരമാകേണ്ടതാണ്. എന്നാൽ കേന്ദ്ര സർക്കാർ ജി.എസ്.ടി. നടപ്പിലാക്കിയതിൽ വന്ന പാളിച്ചകൾമൂലം നികുതി ചോർച്ചയുണ്ടാകുകയും തത്ഫലമായി ചരക്ക് സേവന നികുതിയിലെ പ്രഖ്യാപിത വരുമാന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ചരക്കു സേവന നികുതി നിയമം നടപ്പിലാക്കുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നതിന് ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. എന്നാൽ ടി നിയമപ്രകാരം |
| (സി) | ജി.എസ്.ടി. നടപ്പിലാക്കിയത് വഴി റവന്യൂ വരുമാനത്തിൽ വലിയ തോതിലുള്ള ഇടിവ് സംഭവിച്ചിട്ടുണ്ടോ; ഇതിന്റെ യഥാർത്ഥ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | |

| | | |
|---|---|---|
| | | രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ട നഷ്ടപരിഹാരം അകാരണമായി വൈകുന്നതും സംസ്ഥാനത്ത് ലിക്വിഡിറ്റി പ്രതിസന്ധിയ്ക്ക് ഹേതുവായിട്ടുണ്ട്. |
| (ഡി) | കേന്ദ്ര സർക്കാരിൽ നിന്നുള്ള അർഹതപ്പെട്ട നികുതി വിഹിതം ലഭ്യമാക്കുന്നതിനും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും ഇക്കാര്യത്തിൽ എന്തെങ്കിലും അപാകതകൾ ഉണ്ടായിട്ടുണ്ടോയെന്നും വിശദമാക്കാമോ? | സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെയും സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ യഥാസമയം സർക്കാർ സമർപ്പിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കുന്ന ഘട്ടത്തിൽ നിയമപ്രകാരം രണ്ട് മാസത്തിലൊരിക്കൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം വൈകുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മുൻകാലങ്ങളിൽ നിന്നും വിഭിന്നമായൊരു നയം സ്വീകരിച്ച് സംസ്ഥാനത്തിന്റെ അംഗീകൃത വായ്പാ പരിധി വെട്ടിച്ചുരുക്കിയ വിഷയവും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യങ്ങളിലൊന്നും സർക്കാരിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**